
കുഴപ്പങ്ങളുടെ
ഉറവിടം എവിടെ ?

# കുഴപ്പങ്ങളുടെ ഉറവിടം എവിടെ ?

യുഗങ്ങളായി ഉയർന്നു വന്നുകൊണ്ടിരിക്കുന്ന ഈ ചോദ്യം എല്ലായ്പോഴും മനുഷ്യവർഗ്ഗത്തെ കുഴക്കിയിട്ടുണ്ടു്. ഈ ലോകത്തിൽ ഇത്രമാത്രം അസ്വസ്ഥതയും ആകുലതയും ആശങ്കയും കാണുന്നതെന്തുകൊണ്ടു്?

വിദ്യാഭ്യാസവും സമ്പൽസമൃദ്ധിയും നമ്മുടെ കഷ്ടപ്പാടുകളെ തുടച്ചുനീക്കുവാൻ പര്യാപ്തമാകുന്നില്ല; എന്നു മാത്രമല്ല അവ സാഹചര്യബോധം വർദ്ധിപ്പിക്കയും ചെയ്യുന്നു. ധനവാനേയും ദരിദ്രനേയും ഒരുപോലെ ബാധിക്കുന്ന സംഗതിയാണിതു്.

## യഥാർത്ഥ കാരണം

വാസ്തവത്തിൽ പുറമേയുള്ള കുഴപ്പങ്ങൾ രോഗലക്ഷണങ്ങൾ മാത്രമാണു്. യഥാർത്ഥകാരണം സന്മാർഗ്ഗികമത്രേ. ജീവിതം ആന്തരിക അശുദ്ധിയാൽ താറുമാറായി, തോൽവിയടഞ്ഞതായി നമുക്കു് അനുഭവപ്പെടുന്നു. അതേ സമയം ഉന്നതവും ഉത്തമവുമായതിനെ നാം നിരാകരിക്കുന്നതായി അന്തരംഗം മന്ത്രിക്കുന്നു. നാമെല്ലാവരും കണക്കു ബോധിപ്പിക്കേണ്ട സർവ്വശക്തനുമായി സ്വരച്ചേർച്ചയുമില്ല.

ഇതിനു മൂലകാരണം ദൈവത്തോടുള്ള മത്സരം അഥവാ പാപം ആണ്. നമുക്കെല്ലാം ഇതിന്റെ അർത്ഥം അറിയാം. ദൈവഹിതവുമായി പൊരുത്തമില്ലായ്മയാണു പാപം. നീതിക്കും സത്യത്തിനും



സ്നേഹത്തിനും, ദൈവത്തിനു നമ്മുടെ മേലുള്ള പരമാധികാരങ്ങൾക്കും എതിരായി ഉയരുന്നതു്, നമ്മിൽ കുടികൊള്ളുന്ന സ്വന്ത താല്പര്യങ്ങളും നിയന്ത്രണമില്ലായ്മയുമാണു്. ഹൃദയത്തിൽ കുടികൊള്ളുന്ന പാപം പലവിധ നിലവാരങ്ങളിലും വഴികളിലും പുറത്തു കടക്കുന്നു.

എന്നാൽ പാപം ദൈവത്തിനെതിരെയുള്ള ധിക്കാരം മാത്രമല്ല, അതു സ്വയം നശിപ്പിക്കയും ചെയ്യും. ''എന്നോടു (ദൈവത്തോടു്) പിഴക്കുന്നവനോ തനിക്കു പ്രാണഹാനി വരുത്തുന്നു'' (സദൃശവാക്യങ്ങൾ 8:36). ''മനുഷ്യൻ വിതക്കുന്നതു തന്നെ കൊയ്യും'' (ഗലാത്യർ 6:7). പാപത്തിന്റെ പ്രത്യാഘാതങ്ങൾ ഇഹത്തിലും പരത്തിലും ഉണ്ടാകും എന്നതു നിശ്ചയമാണു്.

## മരണം—പാപത്തിനു പരിഹാരമല്ല

മരിക്കുമ്പോൾ തങ്ങളുടെ ക്ലേശങ്ങളും അവസാനിക്കുമെന്നു ചിന്തിക്കുന്നവരുണ്ടു്. ശരീരം ദ്രവിച്ചു പോകുന്നതുകൊണ്ടു പാപത്തിന്റെ ദുരന്തഫലങ്ങൾ മാറിപ്പോകുന്നില്ല. വീടു പൊളിച്ചതുകൊണ്ടു് അതിൽ താമസിക്കുന്നയാളിന്റെ സ്വഭാവം മാറുന്നില്ല. മരണം പാപത്തിനു പരിഹാരമല്ല, പാപിയുടെ ദുരിതങ്ങൾ അവിടെ തീരുകയുമില്ല. ''എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാ



രാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം''
(വെളിപ്പാടു് 21:8).

പാപം കാരണം മനുഷ്യൻ ഇവിടെത്തന്നെയും കഷ്ടപ്പെടുന്നുണ്ടു്. എന്നാൽ മരണാനന്തരമുള്ള പാപത്തിന്റെ ശിക്ഷ എന്തു ഭയങ്കരമായിരിക്കും? ഈ ലോകത്തോടുള്ള താല്പര്യങ്ങളും അഭിനിവേശങ്ങളും പാഴ്സുഖങ്ങളും എല്ലാം അവസാനിക്കും. അനുതപിച്ചു പാപക്ഷമ നേടാത്തവർ ദൈവ ന്യായവിധിയുടെ ഭീകര യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കും!

നമുക്കു സ്വയം രക്ഷപ്പെടുക സാദ്ധ്യമല്ല, കാരണം ആത്മാവിനെ നശിപ്പിക്കുന്ന ശക്തമായ ഘടകങ്ങൾ ധാരാളമുണ്ടു്. രാഷ്ട്രീയ മാററമോ, പരിസര വ്യത്യാസമോ, സാംസ്ക്കാരിക ഉന്നമനമോ, ശാസ്ത്രമോ, തത്വസംഹിതകളോ, നീതിശാസ്ത്രമോ ഒന്നും പാപത്തിനു പരിഹാരമല്ല.

## ഒരേ ഒരു പരിഹാരം

നാം ആർക്കെതിരെ പാപം ചെയ്തോ അവിടത്തേക്കു മാത്രമേ പാപത്തിൽ നിന്നും, അതിന്റെ ഭാരത്തിൽ നിന്നും അടിമത്വത്തിൽ നിന്നും വിഷജ്വാലയിൽ നിന്നും, കുററബോധത്തിൽ നിന്നും, യാതനയിൽ നിന്നും വിടുതൽ തരുവാൻ കഴികയുള്ളു. ''മറെറാരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടു

വാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല''

(അപ്പോ. 4:12).

പാപം ദൈവമുമ്പാകെ എങ്ങനെയെന്നു വെളിപ്പെടുത്തുന്നതു് യേശുക്രിസ്തുവിൻെറ ക്രൂശാണ്. പാപത്തിൻെറ ഭയാനകമായ പ്രത്യാഘാതങ്ങളെ തുടച്ചു നീക്കുവാൻ ദൈവ–മനുഷ്യൻെറ മരണം മാത്രമേ പര്യാപ്തമായുള്ളു. ''അവൻെറ പുത്രനായ യേശുവിൻെറ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു'' (1 യോഹന്നാൻ 1:7).

ക്രിസ്തു നിങ്ങളേയും രക്ഷിപ്പാൻ ആകാംക്ഷയോടിരിക്കുന്നു. ''കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു്'' (ലൂക്കോസ് 19:10). ''അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു്'' (യോഹന്നാൻ 10:10).

പാപത്തിൻെറ സ്വാധീനത്തിൽ നിന്നും കുററബോധത്തിൽ നിന്നും വിടുതൽ നേടുവാൻ നിങ്ങാംക്കു താല്പര്യമുണ്ടോ? എങ്കിൽ നിങ്ങളുടെ പാപങ്ങാം ഏററു പറഞ്ഞുപേക്ഷിച്ച് ക്രിസ്തുവിങ്കലേക്കു കടന്നു ചെല്ലുക. ജീവിതം പൂർണ്ണമായി അവിടത്തേക്കു സമർപ്പിച്ചു കൊടുക്കുക. ''എൻെറ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല''



(യോഹന്നാൻ 6:37) എന്നു് യേശുക്രിസ്തു പറഞ്ഞിരിക്കുന്നു.

ക്രിസ്തുമാർഗ്ഗസംബന്ധമായി കൂടുതൽ അറിയാൻ താൽപ്പര്യപ്പെടുന്നവർ താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക:

പി. ഡാനിയേൽ

മേഴ്സി ഹോം, ചേപ്പാടു് P. O.